# ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ നടപടി ക്രമം

(ഹാജർ: ഡോ. ടി.എൻ. സീമ)

വിഷയം : ഹരിത കേരളം മിഷൻ–ശുചിത്വ–മാലിന്യ സംസ്കരണ ഉപമിഷൻ– വടകര നഗരസഭ ഹരിയാലി ഹരിതകർമ്മസേന –ഹരിത സഹായ സ്ഥാപനമായി എംപാനൽ ചെയ്ത് ഉത്തരവാകുന്നത് – സംബന്ധിച്ച്.

പരാമർശം : 1). സർക്കാർ ഉത്തരവ് നം. സ.ഉ. (സാധാ) 2420/2017. തീയതി 15.07.2017
2). വടകര നഗരസഭാ അദ്ധ്യക്ഷന്റെ 20.10.2018–ലെ അപേക്ഷ.
3). സ.ഉ. (സാധാ) നം. 407/2018/തസ്വഭവ തീയതി 09.02.2018

## ഉത്തരവ് നം. എച്ച്.കെ.എം/എ2/625/18 തീയതി 28.11.2018

കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയിൽ രൂപീകരിച്ചിട്ടുള്ള ഹരിയാലി ഹരിത കർമ്മസേന 1860–ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് XXI-1860 ന് വിധേയമായി രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനയാണ്. മാലിന്യ സംസ്കരണ രംഗത്ത് സാങ്കേതിക വൈദഗ്ധ്യവും പ്രായോഗിക പരിജ്ഞാനവുമുള്ളവരാണ് ടി സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഇത്തരത്തിൽ മാലിന്യ സംസ്കരണ രംഗത്ത് തദ്ദേശ ഭരണ സ്ഥാപന നേതൃത്വത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏക ഹരിത കർമ്മസേനയാണ് 'വടകര നഗരസഭ–ഹരിയാലി ഹരിതകർമ്മസേന'. വടകര നഗരസഭയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കൃത്യതയോടെ നടത്തിവരുന്ന ടി സൊസൈറ്റിയെ ഹരിത സഹായ സ്ഥാപനമായി അംഗീകരിക്കണമെന്ന ആവശ്യം ഉന്നയിച്ച് വടകര നഗരസഭ അദ്ധ്യക്ഷൻ ഹരിത കേരളം മിഷനിൽ അപേക്ഷ നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹരിത കേരളം മിഷൻ ടെക്നിക്കൽ ടീം വടകര നഗരസഭ സന്ദർശിച്ച് സൊസൈറ്റി നടത്തുന്ന പ്രവർത്തനം വിശദമായി വിലയിരുത്തി മികച്ച സാങ്കേതിക വിദഗ്ധരുടേയും പ്രവർത്തകരുടേയും നേതൃത്വത്തിൽ ഉറവിട മാലിന്യ–സംസ്കരണ പരിപാടികൾക്ക് സാങ്കേതികവും സംഘാടനപരവുമായ നേതൃത്വം നൽകാനുള്ള കഴിവ് സൊസൈറ്റി ആർജ്ജിച്ചുകഴിഞ്ഞു എന്ന് ഇതിന്റെ അടിസ്ഥാനത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടി സൊസൈറ്റിയെ നൂതന സംരംഭമെന്ന നിലയിൽ ഹരിത സഹായ സ്ഥാപനമായി അംഗീകരിച്ച് ഉത്തരവാകുന്നു.

ടി ഹരിത സഹായ സ്ഥാപനത്തിനുള്ള നടത്തിപ്പ് തുക പരാമർശം (3) ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

To,

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഗ്രാമം)
2. പഞ്ചായത്ത് ഡയറക്ടർ
3. നഗരകാര്യ ഡയറക്ടർ

4. കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
6. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
7. എല്ലാ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
9. എല്ലാ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
10. എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
11. എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും
12. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
13. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
14. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർമാൻ/സെക്രട്ടറിമാർക്കും
15. കരുതൽഫയൽ/ഓഫീസ് കോപ്പി
16. ഹരിത സഹായസ്ഥാപനങ്ങൾക്ക്